GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

27-05-2021

# കാർഷികവാർത്തകൾ

## 1. ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും, വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ജൂൺ പകുതിയോടെ ലഭ്യമാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

## 2. ടെലിവെറ്ററിനറി സംവിധാനം

സംസ്ഥാനത്ത് കോവിഡ് വ്യാപനവും ലോക്ക്ഡൌണും തുടരുന്ന സാഹചര്യത്തിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പ് ടെലിവെറ്ററിനറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ രാവിലെ എട്ടുമണിമുതൽ ഉച്ചയ്ക്ക് ഒരുമണിവരെ പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പരുകൾ ഇനി പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം -0471-2302643 | കൊല്ലം -0474-2795076 |
| പത്തനംതിട്ട - 0468-2270908 | ആലപ്പുഴ - 0477-2252635 |
| കോട്ടയം - 0481 -2564623 | ഇടുക്കി - 0486-2223878 |
| എറണാകുളം -0484-2351264 | തൃശ്ശൂർ - 0487-2440232 |
| പാലക്കാട് - 9447303310 | മലപ്പുറം - 0483- 2734815 |
| കോഴിക്കോട് -0495-2368349 | വയനാട് -04936 -202729 |
| കണ്ണൂർ - 0497- 2700184 | കാസർഗോഡ് - 04994-224624 |

## 3. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരിൽനിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തല ക്ഷീരവികസന യൂണിറ്റ് ഓഫീസിലോ

സമീപത്തെ ക്ഷീരസഹകരണസംഘത്തിലോ ജൂൺമാസം ഇരുപത്തിഒന്നാം തീയതിയ്ക്ക് മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

**4. അറിയിപ്പ് – ഹോർട്ടികോർപ്പിന്റെ കോഴിക്കോട്ടുള്ള വിവിധ സ്റ്റാളുകളിൽ നിന്നും തോടന്നൂർ ഗോഡൌണിൽ നിന്നും മിതമായ വിലയ്ക്ക് പച്ചക്കറികൾ വിൽപ്പനയ്ക്കായി ലഭ്യമാണെന്ന് അറിയിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9048282085 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.**

**ഓൺലൈൻ പരിശീലനങ്ങൾ**

**5.** റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടേയും കീടങ്ങളുടേയും നിയന്ത്രണമാർഗങ്ങളെ കുറിച്ച് **റബ്ബർ ബോർഡ്** ഓൺലൈൻ പരിശീലനം നൽകുന്നു. ഈ മാസം മുപ്പത്തി ഒന്നാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ മലയാളത്തിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പരിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പരിലും ബന്ധപ്പെടാവുന്നതാണ്. മെയിൽ ഐ ഡി training@rubberboard.org.in

**6. വെള്ളായണി കാർഷിക കോളേജ്** സസ്യ പ്രജനന ശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരിക്കുന്ന 'അതിജീവനം കൃഷിയിലൂടെ' എന്ന വെബിനാർ പരമ്പരയിൽ ഇന്ന് **(27-05-2021 ന്)** ഉച്ചയ്ക്ക് 3.30 മുതൽ 5.00 മണി വരെ 'വീട്ടുവളപ്പിൽ ഔഷധസസ്യത്തോട്ടം' എന്ന വിഷയത്തിൽ പാലോട് പ്ലാന്റ് ജനറ്റിക്സ് റിസോഴ്സ് ഡിവിഷൻ മേധാവി ഡോ മാത്യു ഡാൻ പ്രഭാഷണം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – **9497453663**

**7. കേരള വെറ്ററിനറിസർവകലാശാല 'മൃഗസംരക്ഷണമേഖലയിലെവർഷകാലമുന്നൊരുക്കങ്ങളെ'** ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണപരമ്പരയിൽ ഇന്ന് **(27-05-2021 ന്)** വൈകിട്ട് 5.00 **മണിക്ക്** 'ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും കുടിവെള്ള പരിശോധനയുടെ ആവശ്യകതയും' എന്ന വിഷയത്തെ കുറിച്ച് വെറ്ററിനറി കോളേജ് ഡീൻ ഡോ സി ലതയുടെ ആമുഖാവതരണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ സേതുലക്ഷ്മിയുടെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ **(28-05-2021 ന്)** 'വളർത്തുമൃഗങ്ങളിലെ പരാദ രോഗ ചികിത്സ മഴയ്ക്ക് മുമ്പ് ചെയ്യേണ്ടത്' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരാദ വിഭാഗം മേധാവി ഡോ ബിന്ദു ലക്ഷ്മണിന്റേയും അസിസ്റ്റന്റ് പ്രൊഫസർ ഡോ കെ ശ്യാമളയുടെയും പ്രഭാഷണം ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9446625160 / 9895213500**

8. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ** നിന്നും ഈ മാസം 28 ന് ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. 'പച്ചക്കറി കൃഷിയിൽ ജൈവരോഗ കീട നിയന്ത്രണമാർഗങ്ങൾ' എന്ന വിഷയത്തിൽ ശ്രീമതി ബിന്ദു ആർ മാത്യൂസ് രാവിലെ 11.30 ന പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. **പത്തനംതിട്ട ജില്ലാ കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ** ആഭിമുഖ്യത്തിൽ നടത്തുന്ന ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ഇന്ന് (27.05.2021ന്) 'കൂൺകൃഷി' എന്ന വിഷയത്തിലും, നാളെ (28.05.2021ന്) 'വീട്ടുവളപ്പിൽ നിന്നും ലഭ്യമാകുന്ന വിളകളിൽ നിന്നും സമീകൃത ആഹാരം' എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് അതാതു ദിവസങ്ങളിൽ രാവിലെ 11 മണിക്ക് meet.google.com/dpq-ykor-opd എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ **8078572094**

10. **ഇഞ്ചി കർഷകർക്കായുള്ള വിളപരിപാലന നിർദ്ദേശം**

ഇഞ്ചിയിൽകണ്ടുവരുന്നഒരുരോഗകീടബാധആണ്ചീയൽരോഗം. ഇഞ്ചിയുടെ തണ്ടിൽ മണ്ണിനോട് ചേർന്ന ഭാഗത്ത് വെള്ളത്തിൽ കുതിർന്നതു പോലെയുള്ള ലക്ഷണം കാണാം. ആ ഭാഗം പിന്നീട് ചീഞ്ഞ് പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചീഞ്ഞു പോകുകയും ചെയ്യും. രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ 50 ശതമാനം വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് ( 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ 50 ശതമാനം വീര്യമുള്ള കോപ്പർ ഹൈഡ്രോക്സൈഡ് ( 1.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം മെയ്, ജൂൺ മാസങ്ങളിലും ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും തളിക്കണം. മഴക്കാലം നീണ്ടുനിന്നാൽ ഒക്ടോബർ-നവംബർ മാസങ്ങളിൽ ഒരു തവണ കൂടി തളിക്കണം